# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3945** **11-11-2019-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പരീക്ഷകളിൽ കോപ്പിയടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്.** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പരീക്ഷകളിൽ വിദ്യാർത്ഥികൾ വ്യാപകമായി കോപ്പിയടി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | വ്യാപകമായി കോപ്പിയടി നടത്തിയതായി കണ്ടെത്തിയിട്ടില്ല. എന്നാൽ, ഏതാനും മെഡിക്കൽ കോളേജുകളിൽ, ചില വിദ്യാർത്ഥികൾ പരീക്ഷാ ഹാളിൽ അച്ചടക്ക ലംഘനങ്ങൾ നടത്തിയതായുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ സി.സി.റ്റി.വി. റിപ്പോർട്ട് പരിശോധനയിൽ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് ഇപ്രകാരമുള്ള ക്രമക്കേട് കണ്ടെത്തിയതെന്നും ഇതിന്റെ വെളിച്ചത്തിൽ മെഡിക്കൽ പരീക്ഷകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുവാൻ ആരോഗ്യ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | ആലപ്പുഴ ഗവ. റ്റി.ഡി. മെഡിക്കൽകോളേജ്, തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം എസ്.യു.റ്റി. അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, വർക്കല എസ്.ആർ. മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ, കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കോഴിക്കോട് കെ.എം.സി.റ്റി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം ക്രമക്കേടുകൾ അന്വേഷിച്ച് നടപടി എടുക്കുന്നതിന് സർവ്വകലാശാലയിൽ സംവിധാനങ്ങൾ നിലവിലുണ്ട്. അപ്രകാരം 9 വിദ്യാർത്ഥികൾക്കും ഒരു കോളേജിനുമെതിരെ സർവ്വകലാശാല നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, പി.എസ്.സി. പരീക്ഷകൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതിനു സമാനമായ രീതിയിൽ കൂടുതൽ നിയന്ത്രണങ്ങൾ മെഡിക്കൽ പരീക്ഷകൾക്ക് ഏർപ്പെടുത്തുന്നതിനും സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**